# സ്വർഗ്ഗവും നരകവും

## വെളിപ്പാട് 20:15

**"ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവരെയും തീപ്പൊയ്കയിൽ തള്ളിയിടും."**

ദൈവമക്കൾ എല്ലാവരും സ്വർഗ്ഗത്തിൽ എത്താനും ദൈവത്തെ മുഖാമുഖം കണ്ട് ആരാധിക്കാനും ഉള്ള ആഗ്രഹത്തോടെ ജീവിക്കുന്നവരാണ്, അതിനായി മാത്രം പ്രത്യാശയോടെ കാത്തിരിക്കുന്നവരാണ്. എന്നാൽ അതിനുള്ള ഒരുക്കത്തെ നാം വേണ്ടതുപോലെ ഗൗരവമായി കാണുന്നുണ്ടോ എന്നു ചോദിച്ചാൽ പലപ്പോഴും വ്യക്തമായും ഉറപ്പോടും ഉത്തരം നൽകാൻ പലർക്കും സാധിക്കാറില്ല. "ജീവപുസ്തകത്തിൽ പേരെഴുതപ്പെട്ടവർ എനിക്ക് ഒരു നിക്ഷേപം ആയിരിക്കും" എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു.

എന്നാൽ ഈ സ്മരണപുസ്തകത്തിൽ പേരെഴുതപ്പെട്ടില്ലെങ്കിൽ പിന്നെ "ചൂള പോലെ കത്തുന്ന ഒരു ദിവസം" വരുമ്പോൾ നാം തീപ്പൊയ്കയിൽ തള്ളപ്പെടും. അവിടെ കെടാത്ത തീയും ഗന്ധകവും ഉഷ്ണക്കാറ്റും ചാകാത്ത പുഴുവും ഒക്കെയാണ് ഉള്ളത്. അവിടേക്ക് തള്ളപ്പെട്ട് കഴിഞ്ഞാൽ പിന്നെ ആർക്കും നമ്മെ രക്ഷിക്കാനാവില്ല. ആരും നമ്മുടെ സഹായത്തിനായുള്ള നിലവിളി കേൾക്കില്ല. ഒരു മഹാപ്രളയം എന്ന ദുരന്തം നമ്മുടെ നാട്ടിൽ അനുവദിച്ച ദൈവം, അവിടെ രക്ഷാപ്രവർത്തനത്തിനായുള്ള സർവ്വ സന്നാഹങ്ങളും കൂടി ഒരുക്കി കൊടുത്തു. എന്നാൽ ഈ തീപ്പൊയ്കയിൽ നിന്നും ഒരു കയറ്റം സാധ്യമല്ല. എത്ര നിലവിളിച്ചാലും ഒരു കൈകളും അവിടേക്ക് നീട്ടപ്പെടില്ല. ദാഹത്തിന് ഒരിറ്റു വെള്ളം പോലും ലഭിക്കില്ല. വെറും മൂന്നു ദിവസം മാത്രം നീണ്ടു നിന്ന മഹാപ്രളയത്തെ നാം വൻ ദുരന്തം എന്നു വിളിച്ചെങ്കിൽ നിത്യമായ നരകയാതന ഒന്നു ചിന്തിച്ചു നോക്കൂ. ഈ സ്ഥലത്തേക്ക് ആരും പോകരുത് എന്ന് ആഗ്രഹിക്കുന്ന സ്നേഹവാനായ ദൈവം നമ്മെ ഓരോ വഴികളിലൂടെ മനം തിരിയാൻ പ്രേരിപ്പിക്കുമ്പോൾ നാം ഈ അല്പകാല ലോകജീവത സുഖങ്ങൾക്കുവേണ്ടി എനിക്ക് സ്വർഗ്ഗം വേണ്ട നരകം മതി എന്ന നിലപാട് സ്വീകരിക്കുന്നു.

പ്രിയ ദൈവപൈതലെ ഈ ലോകജീവിതം വലുതായി കണ്ടു ലോകത്തിന്റെ സ്നേഹം തേടി ഒരു വിഢ്ഡിയായി ജീവിച്ച് മണ്മറയാനല്ല, മറിച്ച് സത്യവചനവും ദൈവത്തിന്റെ കൽപനകളും അനുസരിച്ച് പരിശുദ്ധാത്മ നിയന്ത്രണത്തിൽ ഈ ഭൂമിയിൽ ജീവിക്കാൻ കഴിഞ്ഞാൽ, ഈ ഭൂമിയിലും, തുടർന്നും നിത്യമായ സ്വർഗ്ഗസന്തോഷം അനുഭവിക്കുവാൻ കഴിയും. അറിഞ്ഞു കൊണ്ട് നിത്യകാലം കെടാത്ത തീയ്ക്കും

ചാകാത്ത പുഴുവിന്റെ ദണ്ഡനത്തിനും സ്വയം ഏൽപ്പിക്കണമോ? തീരുമാനം നമ്മുടേത് മാത്രമാണ്. ജീവനും മരണവും എന്റെ മുന്നിൽ ദൈവം തന്നിരിക്കുന്നു. അതിൽ നിന്നും ഏതും തിരഞ്ഞെടുക്കാനുള്ള പൂർണ്ണ സ്വാതന്ത്ര്യവും എനിക്കു തന്നിരിക്കുന്നു.

ഈ ലോകത്തിലെ നശ്വരമായ ചെറിയ ആയുസ്സ് സ്വർഗ്ഗീയ ജീവിതത്തിന്റെ ഒരുക്കം മാത്രമാണ് എന്ന സത്യം മനസ്സിലാക്കി ഉറപ്പോടെ ജീവിക്കാൻ ശ്രമിക്കാം. നീതിസൂര്യൻ തന്റെ ചിറകിൻ കീഴിൽ രോഗോപശാന്തിയോട് കൂടെ ഉദിക്കുന്ന ആ നാളിൽ നമുക്കും തൊഴുത്തിൽ നിന്നു വരുന്ന പശുക്കിടാങ്ങളെ പോലെ തുള്ളിച്ചാടാൻ ദൈവം ഇടയാക്കും. നിത്യമായ ഈ സന്തോഷം അനുഭവിക്കാനുള്ള ഭാഗ്യം തരേണമേ എന്ന് നമുക്കും പ്രാർഥിക്കാം, നമ്മുടെ ജീവിതം ക്രമീകരിക്കാം.

പരാമർശം :
മർക്കോസ് 9:48
അവിടെ പുഴു ചാകുന്നില്ല തീ കെടുത്തുന്നതുമില്ല

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 062